# മെത്രാപ്പോലീത്തായുടെ കത്ത്

(ഏപ്രിൽ 2015)



**കർത്താവിൽ പ്രിയരേ,**

ദൈവത്തിന്റെ സ്വന്തംനാട് എന്ന് സ്വന്തം നാടിനെക്കുറിച്ച് അഭിമാനപൂർവ്വം വിശേഷിപ്പിച്ചിരുന്ന കേരളത്തെയും ലോകമനഃസാക്ഷിയെ തന്നെയും ഞെട്ടിപ്പിച്ച സംഭവങ്ങളാണ് 2015 മാർച്ച് 13-ാം തീയതി കേരളനിയമസഭയിൽ ജനപ്രതിനിധികളായി നാം തിരഞ്ഞെടുത്ത് അയച്ച ജനനേതാക്കൾ നടത്തിയ പ്രകടനങ്ങൾ. ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്ന് വിശേഷിപ്പിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന കേരളനിയമസഭയിൽ സംഭവിച്ചതായ അപൂർവ്വകാര്യങ്ങളുടെ ദൃശ്യങ്ങൾ ദർശിച്ച കേരളജനത അമ്പരപ്പോടും ഉത്കണ്ഠയോടുംകൂടി ചോദിക്കുന്ന 2 ചോദ്യങ്ങളുണ്ട്. ഒന്ന്, മൂല്യാധിഷ്ഠിത ജനാധിപത്യത്തെ വെല്ലുവിളിക്കുന്ന വിധത്തിലുള്ള ജനനേതാക്കളുടെ ഇത്തരം പ്രവർത്തനങ്ങളും പ്രതികരണങ്ങളും ഏതെങ്കിലും വിധത്തിൽ അഭിലഷണീയമെന്നു പറയുവാൻ ആർക്കെങ്കിലും സാധിക്കുമോ? രണ്ട്, ജനാധിപത്യത്തിന്റെ പാവന ഇടമായ നിയമസഭയിലെ പാവനമായ ഇരിപ്പിടമായി ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ ഇരിപ്പിടത്തിനുപോലും സ്ഥാനചലനം സംഭവിക്കുന്നരീതിയിലുള്ള പ്രതിഷേധങ്ങളിലൂടെയും അക്രമങ്ങളിലൂടെയുമുള്ള പ്രതികരണങ്ങളുടെ ഈ പോക്ക് എങ്ങോട്ടാണ്? പൂർവ്വപിതാക്കന്മാർ ത്യാഗം ചെയ്ത് നേടിയെടുത്തുതന്ന ജനാധിപത്യമൂല്യങ്ങൾ നഷ്ടപ്പെടുത്തുന്ന ഒരു സമൂഹമായി നാം ഇന്ന് അധഃപതിക്കുകയല്ലേ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. കേരള നിയമസഭയിൽ നടന്ന, നിയമസഭയോടുള്ള ആദരവും അംഗങ്ങൾ തമ്മിലുള്ള ആദരവും നഷ്ടപ്പെടുത്തുന്ന പ്രവർത്തനങ്ങൾ എങ്ങനെയെല്ലാം മറക്കാൻ ശ്രമിച്ചാലും ഇത്തരം പ്രവർത്തനങ്ങളിൽ ഖേദംപോലും പ്രകടിപ്പിക്കാതെ അവയെയെല്ലാം ന്യായീകരിക്കുന്ന ജനനേതാക്കൾ നമ്മുടെ സംസ്ഥാനത്തിനും രാഷ്ട്രത്തിനും വരുത്തിവച്ച അപമാനം കാലത്തിന് ഒരിക്കലും മായിക്കുവാനോ പൊറുക്കുവാനോ കഴിയുന്നതല്ല. പൊതുമുതൽ നശിപ്പിക്കുന്നതാരായാലും അവരുടെ മേൽ കർശന നടപടി ഉണ്ടാകുന്നില്ലായെങ്കിൽ പൊതുസ്വത്തിന് നാട്ടിൽ ഒരുകാലത്തും സംരക്ഷണം ഉണ്ടാകുകയില്ല. നിയമവാഴ്ചയെ അവഹേളിക്കുന്ന പ്രവർത്തനങ്ങൾ ആരിൽ നിന്നായാലും ഉണ്ടാകാൻ പാടില്ല. സ്വാതന്ത്ര്യസമരകാലത്ത് ചൊല്ലിക്കേട്ട ഒരു ചോദ്യം ഇന്നും ഓർമ്മയിലുണ്ട്. “എന്താണ് അമ്മേ വഞ്ചീമാതാവേ, നിന്റെ സന്താപത്തിനും ലജ്ജയ്ക്കും മുഖാന്തരമായി എന്തുണ്ടായി?” എന്ന ആ ചോദ്യം ഇന്നും അന്വർത്ഥമാകുന്നതിൽ നിശ്ചയമായും ഈ നാടിന്റെ ഹൃദയം വേദനിക്കും, നീതി പ്രവർത്തിക്കുവാനും ദയാതൽപരനായിരിപ്പാനും വിനയത്തോടെ നടക്കുവാനുമുള്ള സദ്ബുദ്ധി ജനനേതാക്കൾക്കുണ്ടാകുവാനായി നമുക്കു പ്രാർത്ഥിക്കാം.

ലോകമെമ്പാടും വ്യാപിച്ചു പടർന്നുകൊണ്ടിരിക്കുന്ന മതതീവ്രവാദ പ്രവർത്തനങ്ങളിലും മനുഷ്യാവകാശധ്വംസന പ്രവർത്തനങ്ങളിലും ലോകമെങ്ങുമുള്ള മനുഷ്യസ്നേഹികളും സമാധാന കാംക്ഷികളുമായ എല്ലാവരും ഇന്ന് ഏറെ ദുഃഖിതരാണ്. ആഫ്രിക്കയിലും പശ്ചിമഏഷ്യയിലും നടമാടുന്ന ഈ ദൃശ്യപ്രവർത്തനങ്ങൾ വംശഹത്യയ്ക്കും നിർദ്ദോഷികളായ ജനങ്ങളുടെ കൂട്ടക്കൊലയ്ക്കും ഇടയാകുന്നു എന്ന വസ്തുത തിരിച്ചറിയുന്ന വിശ്വാസസമൂഹം ക്രിസ്തീയ മാതൃകയിൽ പ്രതികരിക്കേണ്ടുന്ന സമയം ആസന്നമായിരിക്കുന്നു. കൂട്ടക്കൊലകളുടെ ഞെട്ടിപ്പിക്കുന്ന ദൃശ്യങ്ങൾ വേദനാജനകമായ വാർത്തകളായി സോഷ്യൽ മാധ്യമങ്ങളിൽ ഇന്ന് നിറയുകയാണ്. സംസ്കാരത്തിന്റെ ഉദാത്തപ്രതീകങ്ങളായി നിലനിൽക്കുന്ന സാംസ്കാരിക കേന്ദ്രങ്ങൾ പോലും വർഗ്ഗീയ വിദ്വേഷത്തിന്റെ പേരിൽ തകർക്കപ്പെടുന്നത് അങ്ങേയറ്റം അപലപനീയമാണ്. ചിരപുരാതനമായ ഭാരതീയ സംസ്കാരം മതേതരത്വത്തിനും മതസ്വാതന്ത്ര്യത്തിനും മതസൗഹാർദ്ദത്തിനും കേൾവികേട്ട സംസ്കാരമാണ്. ഏതു മതവിശ്വാസമുള്ളവർക്കും പ്രത്യയശാസ്ത്ര വിശ്വാസികൾക്കും ഈശ്വരവിശ്വാസം നിഷേധിക്കുന്നവർക്കും അവരുടേതായ നിലപാടുകളിൽ നിലനിൽക്കാനും അവ പ്രഖ്യാപിക്കുവാനും സ്വാതന്ത്ര്യവും അവകാശവും നൽകുന്ന ലോകത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഭരണഘടനയാണ് നമ്മുടെ രാജ്യത്തിന്റേത്. ഈ ഭരണഘടന വിഭാവനം ചെയ്യുന്ന സമുന്നതമായ ദർശനങ്ങളിൽ കറപുരട്ടുന്ന പ്രവർത്തനങ്ങൾ സാംസ്കാരിക ജീർണ്ണതയുടെ പ്രത്യക്ഷ ലക്ഷണങ്ങളായി നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ജാതിമതവിവേചനത്തിന്റെ ഒരു കാലഘട്ടത്തിൽ ഓരോ വിഭാഗക്കാരും തങ്ങളേക്കാൾ ജാതിയിൽ ഉന്നതരെന്നു കരുതിയവരെ തിരുത്താൻ മടിച്ചുകൊണ്ട്, തങ്ങളേക്കാൾ ജാതിയിൽ താഴ്ന്നവരെ നോക്കി ആശ്വാസം കൊണ്ടിരിക്കുമായിരുന്നു. ഏറ്റവും താണ അവസ്ഥയിൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നു പുറന്തള്ളപ്പെട്ടിരുന്നവർ, പക്ഷികളെയും മൃഗങ്ങ

ളെയും നോക്കി ആശ്വാസം കൊണ്ടിരുന്നു. ഈ കാല ഘട്ടത്തിലേക്കുള്ള ഒരു മടങ്ങിപ്പോക്കാണോ ഘർവാപസിയുടെ വക്താക്കൾ ആഗ്രഹിക്കുന്നത് എന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഏത് മതവിഭാഗത്തിലും സഭാവിഭാഗത്തിലും ഉൾപ്പെട്ടവർക്കെതിരെയായാലും നടക്കുന്ന അക്രമം അപലപനീയമാണ്. ഇത്തരം വിധ്വംസക പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതിനായും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ മനഃപരിവർത്തനത്തിനായി പ്രാർത്ഥിക്കേണ്ടതിനായും കേരളത്തിലെ ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരുടെ തീരുമാനപ്രകാരം 2015 മാർച്ച് 24-ാം തീയതി ചൊവ്വാഴ്ച ഒരു ഉപവാസ പ്രാർത്ഥനാദിനമായി നമ്മുടെ സഭയും ആചരിക്കുകയുണ്ടായി. ഇതിനോടനുബന്ധിച്ച് തിരുവല്ലയിൽ വിവിധ സഭാവിഭാഗങ്ങളുടെ നേതൃത്വത്തിൽ ഉപവാസയജ്ഞവും പൊതുസമ്മേളനവും നടക്കുകയുണ്ടായി.

മാർച്ചുമാസത്തിൽ ഗൾഫിലെ ഒമാൻ സന്ദർശിക്കുകയും ഒമാനിലെ മസ്കറ്റ് ഇടവക രൂപീകരണത്തിന്റെ ജൂബിലി ആഘോഷപരിപാടികളിൽ പങ്കെടുക്കുകയും ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആസൂത്രണം ചെയ്ത സേവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഈ ഇടവകയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും പ്രതിസന്ധികളുടെ ഘട്ടങ്ങളിലും ആ ഇടവകയോടൊപ്പം ചേർന്നു നിൽക്കുവാൻ കഴിഞ്ഞ അവിസ്മരണീയങ്ങളായ ഓർമ്മകളോടുകൂടി ഇടവകയുടെ പരിപാടികളിൽ പങ്കെടുത്തത് ധന്യമായ ഒരു അനുഭവമായിരുന്നു. ഒമാന്റെ ചുമതലയുണ്ടായിരുന്ന കാലഘട്ടത്തിൽ ഒരു ഇടവക മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്ന് നാലു സ്ഥലങ്ങളിലായി നാല് ഇടവകകൾ ഉണ്ട്. കുവൈറ്റിലെ ഇടവകകൾ സന്ദർശിക്കുന്നതിനും നമുക്കുള്ള 6 ഇടവകകളിൽ അഞ്ച് ഇടവകകളിൽ സന്ദർശനം നടത്തുന്നതിനും വി. കുർബ്ബാന അനുഷ്ഠിക്കുന്നതിനും സാധിച്ചു. കുവൈറ്റി സിറ്റി ഇടവകയുടെ കൊയ്ത്തുത്സവ (Harvest Festival) ത്തിൽ പങ്കുചേരുന്നതിനും ഇടയായി. അഹമ്മദി ഇടവകയുടെ ചില പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞതിലും സന്തോഷമുണ്ട്. ബഹറിൻ ഇടവകതങ്ങളുടെ കഴിവുകൾക്കപ്പുറമായി വിഭവസമാഹരണം നടത്തി ഒരു മാർത്തോമ്മാ കോംപ്ലക്സ് നിർമ്മിച്ചു. Multi purpose Hall, പാഴ്സനേജ്, ഓഫീസ്റൂം, ഗസ്റ്റ് റൂം എന്നിവ ഉൾപ്പെട്ട കോംപ്ലക്സിന്റെ പ്രതിഷ്ഠാ ശുശ്രൂഷ ഏപ്രിൽ മാസത്തിൽ നടക്കുന്നതാണ്.

ഒരു അധ്യയനവർഷത്തിന്റെ അവസാനത്തിലേക്ക് നാം എത്തിയിരിക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ദീർഘസംവത്സരങ്ങൾ അറിവിന്റെ ജ്വാലകളായി എരിഞ്ഞുശോഭിച്ച അനേക അദ്ധ്യാപകർ സർവ്വീസിൽ നിന്നും മാർച്ച് അവസാനത്തോടുകൂടി വിരമിക്കുകയാണ്. സേവനത്തിന്റെ പുതിയ മേഖലകൾ അവർക്കുമുമ്പിൽ തുറക്കപ്പെടട്ടെ എന്നാശംസിക്കുന്നു. വിദ്യാർത്ഥികൾക്കിത് പരീക്ഷാ കാലഘട്ടമാണ്. കോഴ്സ് പൂർത്തിയാക്കി പുതിയ മേഖലകളും സാധ്യതകളും തേടുന്നവർ ദൈവഹിതം തേടി പ്രാർത്ഥനാപൂർവ്വം തീരുമാനമെടുക്കുവാൻ ശ്രദ്ധിക്കണം. സമചിത്തതയോടെ ഉയർച്ചയുടെ പടികൾ കയറി കൂടുതൽ ഉയരങ്ങളിലേക്ക് എത്തുവാൻ ദൈവകൃപ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം. ഓരോരുത്തർക്കും പ്രവർത്തിക്കാൻ ലഭിക്കുന്ന ഇടങ്ങൾ ഉദരപൂരണത്തിനുമാത്രമായിത്തീരാതെ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിക്ക് അനുപേക്ഷണീയമായിത്തീരട്ടെ എന്നു ആശംസിക്കുന്നു.

വൈദികപഠനം പൂർത്തിയാക്കി സഭാശുശ്രൂഷയിലേക്ക് പ്രവേശിച്ചവരെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. തങ്ങളുടെ ജീവിതത്തിൽ ദൈവം ഭരമേല്പിച്ച ഉത്തരവാദിത്വങ്ങൾ ഗ്രഹിച്ചുകൊണ്ട് ഇടയശുശ്രൂഷ നിർവ്വഹിപ്പാനും നിയോഗിക്കുന്ന സ്ഥാനങ്ങളിൽ പ്രകാശദീപങ്ങളായി ജ്വലിച്ചു പ്രകാശിപ്പാനും ഇടയാകട്ടെ. അവരെ സഭയ്ക്കു നൽകിയ മാതാപിതാക്കളെയും കുടുംബത്തെയും ഓർത്ത് ദൈവത്തെ സ്തുതിക്കാം.

നമുക്കേവർക്കും പ്രിയപ്പെട്ട നമ്മുടെ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനി 97 ന്റെ പടികടന്ന് 98-ാം സംവത്സരത്തിലേക്ക് പദമൂന്നിക്കയറുകയാണ്. വലിയവനായ ദൈവം തിരുമേനിക്ക് നൽകിയിരിക്കുന്ന ആരോഗ്യത്തിനും ഉത്സാഹത്തിനും ക്രിയാത്മക പ്രതികരണശേഷിക്കും ജനമധ്യത്തിൽ ഒരു പ്രകാശഗോപുരമായി നിൽക്കാനുള്ള ദൈവകൃപയ്ക്കുമായി നമുക്കു ദൈവത്തെ സ്തുതിക്കാം. രണ്ടു പടികൾകൂടി കയറുമ്പോൾ ശതാബ്ദിയുടെ പടവിലേക്ക് തിരുമേനി എത്തുകയാണ്. ആ സുദിനം സമുചിതമായി ആഘോഷിക്കേണ്ടതിനായി നമുക്കു കാത്തിരിക്കാം. ഈ ഏപ്രിൽ 27-ാം തീയതി തിരുമേനി 98-ാം വയസ്സിലേക്ക് പ്രവേശിക്കുന്ന അവസരം സഭയായി ആചരിപ്പാൻ ക്രമീകരണം ചെയ്യുന്നതാണ്. വലിയതിരുമേനിയുടെ ആയുരാരോഗ്യസൗഖ്യത്തിനായി നമുക്കു പ്രാർത്ഥിക്കാം.

സഭയിലെ വിവിധ ഇടവകകളിലും മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിലും അനുഗൃഹീതമായ നേതൃത്വം നൽകിയ ആദരണീയനായ റവ. റ്റി.എ. കോശി (69) അന്തരിച്ചു. മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം ജനറൽ സെക്രട്ടറിയായിരുന്നുകൊണ്ട് സംഘത്തിനും മാരാമൺ കൺവൻഷനും അച്ചൻ നൽകിയ നേതൃത്വം ശ്ലാഘനീയമാണ്. അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ സെക്രട്ടറിയായും അനുഗൃഹീതമായ ശുശ്രൂഷ നിർവ്വഹിച്ചിട്ടുണ്ട്. അച്ചന്റെ ശുശ്രൂഷകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. അച്ചന്റെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന സഹധർമ്മിണിയോടും മറ്റു കുടുംബാംഗങ്ങളോടുമുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു.

പീഡാനുഭവ ആഴ്ചയുടെ ധ്യാനത്തിലൂടെ ഏപ്രിൽ മാസത്തിലെ ധ്യാനത്തിലേക്കു നാം പ്രവേശിക്കുകയാണ്. ഹോശന്നാ ഞായറിൽ ആവേശ

പൂർവ്വം യേശുവിനെ യെരുശലേമിലേക്കു സ്വീകരിച്ചവർ തന്നെയാണ് ചില ദിവസങ്ങൾക്കു ശേഷം 'അവനെ ക്രൂശിക്ക' എന്ന മുറവിളി കൂട്ടിയത് എന്നു നാം ഓർക്കണം. ആദ്ധ്യാത്മിക മേഖലകളെ ചൂഷണത്തിനും സ്വാർത്ഥപൂരണത്തിനുമായി ഉപയോഗിക്കുന്നവർക്കെതിരായുള്ള മുന്നറിയിപ്പാണ് 'എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി ത്തീർത്തിരിക്കുന്നു' എന്ന പ്രസ്താവനയിലൂടെ വെളിപ്പെടുന്നത്. കാഴ്ചയിൽ പച്ചിലച്ചാർത്തണിഞ്ഞു നിൽക്കുകയും അതേസമയം ഫലശൂന്യമായ അവസ്ഥയിലായിരിക്കുകയും ചെയ്ത അത്തിവൃക്ഷം പോലെയാണ് യെരുശലേം ദൈവാലയവും എന്നു യേശുവിനു തോന്നിയിട്ടുണ്ടാകാം. രണ്ടും ദൈവകോപത്തെ ക്ഷണിച്ചുവരുത്തുന്നതായിട്ടാണ് നാം കാണുന്നത്. 'നമ്മുടെ ഇന്നത്തെ അവസ്ഥയെന്ത്?' എന്ന് നാം ശോധന ചെയ്യേണ്ടതായിട്ടുണ്ട്. യെരുശലേമിനെ നോക്കി കരയുന്ന കർത്താവ് നമ്മെ നോക്കി എങ്ങനെയായിരിക്കും പ്രതികരിക്കുക? പ്രവൃത്തിയില്ലാത്ത വിശ്വാസം വ്യർത്ഥമായിരിക്കുന്നതുപോലെ വിശ്വാസമില്ലാത്ത പ്രവൃത്തിയും വെറും പ്രകടനമാത്രമായിത്തീർന്നുവെന്നുവരാം. പിതാവിന്റെ ഹിതം നിറവേറ്റുവാൻ ഉൽസുകനായിരുന്ന കർത്താവ് കുരിശിലെ മരണത്തോളം അനുസരണയുള്ളവനായി തന്നെ പിതാവ് ഏൽപ്പിച്ച പ്രവൃത്തി തികച്ചത് പിതാവിലുള്ള തന്റെ വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ടു തന്നെയായിരുന്നു. വിശ്വാസവും പ്രവൃത്തിയും സമന്വയിപ്പിക്കപ്പെടുന്നത് നമ്മുടെ കർത്താവിൽ നമുക്കു കാണാം. മഹാശബത്തിന്റെ തലേദിവസം, യെഹൂദന്മാരുടെ രീതിയനുസരിച്ച് പെസഹാകുഞ്ഞാട് അറുക്കപ്പെടുന്ന സമയത്തുതന്നെയാണ് ഊനമില്ലാത്ത കുഞ്ഞാടായ ക്രിസ്തു സമസ്ത മാനവരാശിയുടെയും പാപപരിഹാരത്തിനായി കുരിശിൽ ബലിയായി അർപ്പിക്കപ്പെട്ടത് എന്നു നാം ഓർക്കണം. ക്രൂശീകരണത്തിന്റെ തലേരാത്രി പെസഹാഭക്ഷണം കർത്താവു ഒരുക്കുമ്പോൾ അവിടെ നടക്കുന്ന നാലു ദൃശ്യങ്ങൾ അർത്ഥവത്തും ഏറെ ചിന്തോദ്ദീപകവുമാണ്. അവൻ അപ്പം (1) എടുത്തു (2) വാഴ്ത്തി (3) നുറുക്കി (4) കൊടുത്തു. കഴിഞ്ഞലക്കം താരകയിൽ ഇക്കാര്യത്തെക്കുറിച്ച് എഴുതിയിരുന്നതു ഓർക്കുന്നുണ്ടാവുമല്ലോ. പെസഹാ ഭക്ഷണത്തിനു ശേഷം യേശുവും ശിഷ്യന്മാരും പോയത് ഗത്സമനയിലേക്കാണ്. അവിടെയുള്ള തോട്ടത്തിൽ ശുഭ്രവസ്ത്രധാരിയായ കർത്താവ് തന്റെ പിതാവുമായുള്ള സമ്പർക്കത്തിലും സംവാദത്തിലും ഏർപ്പെടുന്നു. പ്രാർത്ഥനയ്ക്കായി ശുഭ്രവസ്ത്രധാരിയായി മുട്ടുകുത്തിയ കർത്താവ് എഴുന്നേൽക്കുന്നത് രക്താംബരധാരിയായിട്ടാണ്. പ്രാർത്ഥനയിൽ ഉത്തരം കണ്ടെത്തിയവനായിട്ടാണ് കർത്താവ് തന്റെ ദൗത്യത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ ധീരോദാത്തനായി എഴുന്നേൽക്കുന്നത് എന്നത് നാം ശ്രദ്ധിക്കേണ്ട കാര്യമാണ്. ഹൃദയം നുറുങ്ങിയ പ്രാർത്ഥനയോടുകൂടി ദൈവസന്നിധിയിൽ മുട്ടുകുത്തുന്നവർക്ക് കർത്താവിനെപ്പോലെ വ്യക്തമായ ദർശനത്തോടുകൂടി എഴുന്നേൽക്കുവാൻ സാധിക്കും. തുടർന്ന് തന്നെ പിടിക്കുവാൻ വന്നവർക്ക് കർത്താവ് തന്നെത്തന്നെ ഏൽപ്പിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. പീലാത്തോസിന്റെ വിസ്താരങ്ങളൊന്നും നീതിക്കുനിരക്കുന്നതായിരുന്നില്ല. കുറ്റമില്ലാത്തവനെന്ന് തിരിച്ചറിഞ്ഞിട്ടും യെഹൂദന്മാരെ പ്രീതിപ്പെടുത്താനായി യേശുവിനെ ക്രൂശിപ്പാൻ ഏൽപ്പിച്ചുകൊടുത്ത പീലാത്തോസിന്റെ മനോഭാവമല്ലേ ഇന്ന് സമൂഹത്തിൽ പലരിലും കാണുന്നത് എന്നും നാം ഓർക്കണം. ആരെയെങ്കിലും പ്രീതിപ്പെടുത്തുവാൻവേണ്ടി മനസാക്ഷിക്കു വിരുദ്ധമായി നിരപരാധികളെ തള്ളിപ്പറയുന്നവർ പീലാത്തോസിന്റെ പാരമ്പര്യമാണ് പിന്തുടരുന്നത് എന്നത് നാം തിരിച്ചറിയണം. തന്നെ പടയാളികൾക്ക് ഏൽപ്പിച്ചുകൊടുത്ത കർത്താവ് തന്റെ ആത്മാവിനെ ഏൽപ്പിച്ചു കൊടുത്തത് തന്റെ പിതാവിന്റെ കരങ്ങളിലേക്കാണ്. 'സകലവും നിവൃത്തിയായി' എന്നു പറഞ്ഞ് തന്റെ ആത്മാവിനെ പിതാവിന്റെ കരങ്ങളിലേക്ക് ഏൽപിച്ചുകൊടുത്തതിലൂടെ കർത്താവ് തന്റെ പിതാവിന്റെ ഹിതത്തിന് കുരിശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീരുകയായിരുന്നു. ഹീനമായ കുരിശിൽ തൂക്കപ്പെട്ടുവെങ്കിലും ശബത്ത് ആരംഭിക്കുന്നതിനു മുമ്പുതന്നെ മാന്യമായ രീതിയിൽ ആ ശരീരം സംസ്കരിക്കുവാൻ അരിമത്യയിലെ യോസേഫും നിക്കോദിമോസും ശ്രദ്ധിച്ചു. അധികാരികളുടെ മുദ്രവെച്ച കല്ലറയ്ക്ക് ക്രിസ്തുവിന്റെ ഉയിർപ്പിനെ തടയുവാൻ കഴിഞ്ഞില്ല. മൂന്നാം ദിവസം സ്വന്തം ഹിതപ്രകാരം ക്രിസ്തു ഉയിർത്തെഴുന്നേറ്റു. അങ്ങനെ "പുത്രനെങ്കിലും താനനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു" (എബ്രായർ 5:8-9). ഉയിർത്തെഴുന്നേറ്റ ക്രിസ്തു, സഭയുടെ പ്രത്യാശയാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനാണ്. ജീവിതത്തിന്റെ ബഹുവിധങ്ങളായ പ്രതിസന്ധികളിലും കോളിളക്കങ്ങളിലും നാം അകപ്പെട്ടു പോകുമ്പോൾ എല്ലാം തകർന്നു എന്നു പറഞ്ഞ് നിരാശയുടെ കല്ലറയ്ക്കുള്ളിൽ നാം കഴിയേണ്ടതായിട്ടില്ല. കാരണം, ഏതു കല്ലറയേയും പ്രത്യാശയുടെ ഉറവിടമാക്കി മാറ്റുവാൻ കഴിയുന്ന കർത്താവ് ഉയിർപ്പിന്റെ ശക്തിയാൽ നമ്മെ വിടുവിച്ച് അനേകരുടെ മുൻപിൽ സാക്ഷികളായി എരിഞ്ഞു ശോഭിപ്പാൻ നമ്മെ കരം പിടിച്ചുയർത്തും. ഈ പ്രത്യാശയോടുകൂടി തുടർന്നുള്ള നാളുകൾ ഉയിർപ്പിന്റെ ശക്തിയുടെ ഓഹരിക്കാരായും സാക്ഷികളായും പ്രഘോഷിതരായും തീരുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഏവരെയും ബലപ്പെടുത്തട്ടെ.

കൃപ നിങ്ങളേല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.

Jmmalabar

പുലാത്തീൻ,
25-03-2015

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**